## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1671 — 18.06.2012-ൽ മറുപടിക്ക്.

### കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രമോഷൻ സഹകരണസംഘം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്, സഹകരണ നിയമ പ്രകാരമുള്ള സഹകരണ സംഘം പ്രമോട്ട് ചെയ്തിട്ടുണ്ടോ; | (എ) | ഇല്ല. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി ( KIAPS) മുഖേനയാണ് പ്രമോട്ട് ചെയ്യുന്നത്. |
| (ബി) | രൂപീകരിച്ച സഹകരണ സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് ആവശ്യമായ തുക സംഭരിക്കുക എന്നതാണ് ടി സൊസൈറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | ഇതിനായി രജിസ്റ്റർ ചെയ്ത എയർപോർട്ട് പ്രമോഷൻ സഹകരണ സംഘത്തിന്റെ ഒരു ബൈലോ സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ; | (സി) | ടി സൊസൈറ്റിയുടെ ബൈലോ അനുബന്ധമായി വച്ചിരിക്കുന്നു. |
| (ഡി) | എയർപോർട്ട് കമ്പനിയുടെ എത്ര ശതമാനം ഷെയർ നിർദ്ദിഷ്ട സഹകരണ സംഘത്തിന് നൽകുമെന്ന് വ്യക്തമാക്കുമോ; | (ഡി) യും (ഇ) | 30 മെയ് 2012 നു ചേർന്ന കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (കിയാൽ) ഓഹരി ഉടമകളുടെ പ്രത്യേക യോഗം KIAPS ന് 3,84,07,996 ഓഹരികൾ നൽകുന്നതിന് കിയാൽ ബോർഡിനേയും ഓഹരി വിതരണ |
| (ഇ) | പ്രസ്തുത സഹകരണ സംഘത്തിൽ ഒരാൾക്ക് പരമാവധി എത്ര തുകയുടെ ഷെയർ നൽകും; സംഘം | | |

| | | | |
|---|---|---|---|
| | ലാഭവിഹിതം നൽകുന്നത് എപ്രകാരമായിരിക്കും എന്നറിയിക്കുമോ? | | കമ്മറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 25 ലക്ഷം ഓഹരികൾ അനുവദിക്കുന്നതിന് കിയാലിനോട് KIAPS ആവശ്യപ്പെടുകയും ആയതിനുള്ള പണം അടവാക്കുകയും അത്രയും ഓഹരികൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സൊസൈറ്റിക്ക് പ്രത്യേകിച്ച് ഓഹരിമൂലധനമില്ല. രൂപീകരിക്കപ്പെട്ട സൊസൈറ്റി ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**